പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1649

02.07.2015-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവഹണത്തിന് അനുവദിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ രാധാകൃഷ്ണൻ | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) 2014-15 സാമ്പത്തികവർഷം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുകയുടെ പദ്ധതി നിർവഹണത്തിനാണ് അംഗീകാരം നൽകിയതെന്ന് പറയാമോ; | എ)ആകെ 11,91,589.50 ലക്ഷം രൂപ അടങ്കലുള്ള പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. |
| ബി) പദ്ധതി നിർവഹണത്തിന് അനുവദിച്ച തുകയുടെയും അതിൽ വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | ബി) പദ്ധതി നിർവഹണത്തിന് മുൻബാക്കിയും ബജറ്റ് വിഹിതവുമുൾപ്പെടെ 599623.22 ലക്ഷം രൂപ ലഭ്യമായിരുന്നു. അതിൽ 403257.93 ലക്ഷം രൂപ വിനിയോഗിച്ചു. |
| സി) അംഗീകരിച്ചു നൽകിയ വാർഷിക പദ്ധതികൾ പൂർത്തിയാകാതിരിക്കാനുള്ള കാരണങ്ങൾ പറയാമോ; | സി) പശ്ചാത്തല മേഖലയിലെ പ്രവർത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിൽ വന്ന കാലവിളംബവും കാലാവസ്ഥയിൽ വന്ന വ്യത്യാസങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങി വ്യത്യസ്തവും മുൻകൂട്ടി കാണാൻ കഴിയാതിരുന്നതുമായ ഒട്ടേറെ കാരണങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ പൂർത്തീകരിക്കാതിരിക്കാൻ കാരണങ്ങളായിട്ടുണ്ട്. |
| ഡി) പൂർത്തീകരിക്കാത്ത വാർഷിക പദ്ധതികൾ 2015-16 വർഷം നടപ്പിലാക്കുന്നതിന് മാറ്റിവെച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) പൂർത്തീകരിക്കാത്ത വാർഷിക പദ്ധതികളിൽ 52914 എണ്ണം 2015-2016 വർഷം നടപ്പിലാക്കുന്നതിന് മാറ്റി വച്ചിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 2,54,943.74 ലക്ഷം രൂപയാണ്. |

സെക്ഷൻ ഓഫീസർ.